



# ദൈവദാസനായ കനീസിയൂസച്ചൻ



2017 May Vol: 3 Issue: 2



## 19-ാം ശ്രാദ്ധ ദിനാചരണം

# വരിക, പോവുക, മരിക്കുക...

**ദൈവദാസൻ കനീസിയൂസ് അച്ചൻ**



നമ്മുടെ പിതാവായ തോമാശ്ലീഹാ സഹപ്രേഷിതർക്ക് "നമുക്കും അവിടത്തോടുകൂടി പോയി മരിക്കാം" എന്ന ആഹ്വാനം നൽകിയപ്പോൾ അദ്ദേഹം അവരെ അവരുടെ പ്രേഷിത ധർമ്മത്തെപ്പറ്റി അനുസ്മരിപ്പിക്കുക മാത്രമാണ് ചെയ്തത്. കാരണം വരിക, പോവുക, മരിക്കുക എന്നീ മൂന്നുവാക്കുകളിൽ സംക്ഷേപിക്കാവുന്ന ജീവിതമാണ് ഒരു അപ്പോസ്തോലന്റേത്.

## വരിക

വരിക എന്ന ദിവ്യാഹ്വാനത്തിനു പ്രത്യുത്തരമായി ആഹ്വാനദാതാവിനു സ്വയം അർപ്പിച്ചുകൊണ്ടാണ് ഒരു അപ്പോസ്തോലൻ തന്റെ ജീവിതം ആരംഭിക്കുന്നത്. സുഖപ്രദമായ, സുരക്ഷിതമായ ഒരു ജീവിതാവസ്ഥയെ മുന്നിൽകണ്ട് എഴുതിയിട്ടുള്ള ഒരു തീരുമാനമല്ല അത്. വിളിക്കുന്നവനിൽ വ്യവസ്ഥാരഹിതമായ വിശ്വാസം അർപ്പിച്ചുകൊണ്ട്, അനിശ്ചിതത്വത്തിന്റെ അഗാധത്തിലേക്കുള്ള ഒരു എടുത്തുചാട്ടമാണത്. മറിച്ചുള്ള ഉദ്ദേശ്യത്തോടെ തന്നെ സമീപിച്ച നിയമജ്ഞനെ "കുറുനരികൾക്ക് അളകളും പറവകൾക്ക് കൂടുകളുമുണ്ട് പക്ഷേ മനുഷ്യപുത്രന് തലചായ്ക്കുവാൻ സ്ഥലമില്ല" എന്നു പറഞ്ഞു ഭഗ്നാശനായി വിട്ട രംഗം വി. മത്തായിയും വി. ലൂക്കായും വിവരിക്കുന്നുണ്ടല്ലോ. വിളിക്കുന്നവർ വിശ്വസ്തനല്ലെങ്കിൽ ഈ എടുത്തുചാട്ടം വിഡ്ഢിത്തമാണ്. വിളിക്കുന്നവൻ സത്യസ്വരൂപനാണ്, വഞ്ചിതനാകാൻ വഹിയാത്ത സ്നേഹസ്വരൂപനായ പിതാവാണ്, സൃഷ്ടികർത്താവാണ് എന്ന പരമബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ, ഈ മുൻനോട്ടം കൂടാതെയുള്ള സ്വയം സമർപ്പണം നീതികരിക്കപ്പെടു.

"എന്നെ അനുഗമിക്കുക" എന്ന ആഹ്വാനത്തിന് വിവേകമതിയായ മത്തായി ഉത്തരക്ഷണത്തിൽ നൽകുന്ന പ്രത്യുത്തരം – "ഇതാ ദൈവത്തിന്റെ കുഞ്ഞാട്" എന്ന വാക്കുകൾ ശ്രവിച്ച ക്ഷണത്തിൽ സ്നാപകയോഹന്നാന്റെ രണ്ടു ശിഷ്യൻമാർ ഈശോയെ ഉടനടി അനുഗമിക്കാനെടുക്കുന്ന തീരുമാനവും വരിക എന്ന ആഹ്വാനമാത്രയിൽ സെബദീപുത്രൻമാർ പിതാവിനെ പിരിഞ്ഞ് ഈശോയ്ക്ക് നല്കുന്ന സ്വയം സമർപ്പണവും മിശിഹായാകുന്ന വ്യക്തിയിൽ അവർക്കുണ്ടായിരുന്ന അടിപതറാത്ത വിശ്വാസത്തിന്റെ കറകളഞ്ഞ പ്രതികരണങ്ങളാണ്. അങ്ങുന്ന് ജീവനുള്ള ദൈവത്തിന്റെ മിശിഹായാണെന്ന് ഇവയിലൂടെ അറിയിക്കുകയും ചെയ്തിരിക്കുന്നു. ഇവയും ഇവപോലുള്ള മറ്റു പ്രസ്താവനകളും അപ്പോസ്തോലൻമാർക്കുണ്ടായിരുന്ന പ്രസ്തുത അവബോധത്തിന്റെ സാന്ദർഭികമായ ചില പ്രകടനങ്ങൾ മാത്രമാണ്. യാതൊരു ശക്തിയും വ്യതിചലിപ്പിക്കാനാവാത്ത ഈ വിശ്വാസ ദാർഢ്യമാണ് മുഖംനോട്ടം കൂടാതെ മിശിഹായ്ക്ക് സ്വയം സമർപ്പിക്കാൻ പൗലോസിനെ പ്രേരിപ്പിച്ചത്. അദ്ദേഹം പറയുന്നു: "മാതാവിന്റെ ഉദരത്തിൽ വച്ചുതന്നെ എന്നെ തിരഞ്ഞെടുത്തവൻ എന്നെ വിളിക്കുവാൻ തിരുമനസ്സായപ്പോൾ, ജഡത്തെയോ രക്തത്തെയോ കാര്യമായി ഗണിക്കാതെ ഞാൻ... തൽക്ഷണം... ഇറങ്ങി പുറപ്പെട്ടു"(ഗലാ: 1, 15–17).

വരിക എന്ന വിളിയും അതിന് തങ്ങൾ നല്കിയ പ്രത്യുത്തരവും അപ്പസ്തോലന്മാരുടെ ജീവിതത്തിലെ അവിസ്മരണീയ രംഗമാണ്. അനിശ്ചിതത്വത്തിന്റെ ചുരുളുകൾ നിവർന്നപ്പോൾ അപ്രതീക്ഷിതങ്ങളായ കുരിശുകളെ അവർ അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ട്. പക്ഷെ, അക്ഷോഭ്യരായി വി. പൗലോസിനോടു കൂടി അവർ ഉദ്ഘോഷണം ചെയ്തു. "ഞാൻ ആരിലാണ് വിശ്വസിച്ചതെന്ന് എനിക്കറിയാം." (2 തിമോ 1, 12) അവിശ്ചിതവും, അപ്രതീക്ഷിതവുമായ ആ സംഭവ വികാസങ്ങൾ അപ്പസ്തോലന്മാർക്ക്, തങ്ങളെ വിളിച്ച ദിവ്യഗുരു സാമർത്ഥ്യപൂർവ്വം മുൻകൂട്ടി പ്ലാൻ ചെയ്തിട്ടുള്ള സുനിശ്ചിതങ്ങളായ ക്രമീകരണങ്ങളായി അനുഭവപ്പെട്ടു.തല്ഫലമായി സസ്നേഹം, ആവേശ പൂർവ്വം അവർ അവയെ ആശ്ലേഷിക്കതന്നെ ചെയ്തു. "വരിക" ആ പദം അതിന്റെ സ്മരണ ഒരു അപ്പസ്തോലനിൽ അവാച്യമായ, അതിമധുരമായ അനുഭൂതി ഉളവാക്കുന്നു.

## പോവുക

ഒരു അപ്പസ്തോലനെ അപ്പസ്തോലനാക്കുന്നത് ദിവ്യഗുരുവിന്റെ "പോകുക" എന്ന ആജ്ഞയാണ്. പോയി സുവിശേഷം പ്രസംഗിക്കുക – എല്ലാ ജനതകളോടും സമയത്തും അസമയത്തും – ഇതാണ് ആ ആജ്ഞയുടെ സ്വഭാവം. അതിന് ജനതാമദ്ധ്യേ നിന്നുള്ള പ്രതികരണം എന്തായിരിക്കും? സാധാരണ രീതിയിൽ ചിന്തിച്ചാൽ വിജയ സാദ്ധ്യത ഒട്ടും ശോഭനമല്ല. കുരിശിന്റെ രഹസ്യമാണ് പ്രസംഗിക്കാനുള്ള സുവിശേഷം. ക്രൂശിതനായ മിശിഹാ ഗ്രീക്കുകാർക്ക് (അഥവാ ജ്ഞാനികൾക്ക്) ഭോഷത്വവും യഹൂദർക്ക് (അഥവാ സത്യമതാനുയായികൾക്ക്) ഇടർച്ചയുമാണല്ലോ. അതുകൊണ്ടുതന്നെ ദിവ്യഗുരു പറഞ്ഞു: "ചെന്നായ്ക്കളുടെ മദ്ധ്യേ കുഞ്ഞാടെന്നവിധം ഞാൻ നിങ്ങളെ അയക്കുന്നു." (മത്താ 10, 16) അതേസമയം അവിടന്ന് അവർക്കൊരു ഉറപ്പു കൊടുത്തു. "ഞാൻ സദാ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും."(മത്താ. 28, 20) ഇതിലും കൂടുതലായി അവർക്കൊന്നും ആവശ്യമില്ല. ഇനി അവർക്ക് എവിടെയും പോകാം. ആരെയും സമീപിക്കാം "ഗുരുവിനോടുകൂടെ."

അവിടത്തോടുകൂടി നമുക്കും പോകാം അ ന ന്ത ര ഫലമോ? അതെന്തുമാകട്ടെ. അവർക്കത് അനിശ്ചിതമെങ്കിലും ഗുരുവിനത് സുനിശ്ചിതമാണ്. അവർ വിശ്വസിക്കുന്നത് ആരെയാണെന്നവർക്കറിയാം അടുത്ത ഞാങ്ങണയിലോ ചരിഞ്ഞിരിക്കുന്ന മതിലിലോ അല്ല അവർ ചാരിനിൽക്കുന്നത് എന്ന ബോധം അവരെ അജയ്യരാക്കിത്തീർക്കുന്നു.

## മരിക്കുക

ഭാവി അനിശ്ചിതം തന്നെ, പക്ഷെ, അത് ഗുരുവിനേക്കാൾ വിഭിന്നമായിരിക്കയില്ല. അനേകരുടെ ജീവനുവേണ്ടി സ്വജീവൻ സമർപ്പിക്കുക. ഇതിലും കുറഞ്ഞത് പ്രതീക്ഷിക്കുന്ന അപ്പോസ്തലൻ ഒരു പരാജയമായിരിക്കും. മറിച്ച് അപ്പോസ്തോല ഹൃദയം സദാ കുരിശുകളെ സ്വാഗതം ചെയ്യും, മരണത്തെ മാടി വിളിക്കും. സഹിക്കുവാൻ സാധിച്ചവയെക്കുറിച്ച് അത് ആഹ്ലാദിക്കും, അതിൽ അഭിമാനിക്കും. "ഞങ്ങളുടെ കഷ്ടതകളിൽ ഞങ്ങളഭിമാനിക്കുന്നു" (റോമ. 5,3). "മരണമേ നിന്റെ മുള്ളെവിടെ!" (കോറി 15, 35). വി. പൗലോസിന്റെ വാക്കുകളാണിവ. അദ്ദേഹത്തിന്റെ അവിസ്മരണീയമായ ഒരു ലേഖനഭാഗം അതേപടി ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ! "ഞാൻ അവരെക്കാൾ കൂടുതൽ അദ്ധ്വാനിച്ചിട്ടുണ്ട്. കണക്കില്ലാതെ പ്രഹരമേറ്റിട്ടുണ്ട്: പലപ്പോഴും മരണവിപത്തിൽ അകപ്പെട്ടിട്ടുണ്ട്. യഹൂ

തുടർച്ച ... ➡ മൂന്നാം പേജ്



“എന്റെ ജീവിതത്തിലെ ഏകജ്വരം ദൈവഹിതം – അതുമാത്രം – അതുമുഴുവൻ എന്നാണ്.”

# ദൈവദാസനായ കനീസിയൂസച്ചൻ

## ജനമനസ്സുകളിൽ ഇന്നും ജീവിക്കുന്നു.

**അവൻെറ ശരീരസ്പർശമേറ്റ തുവാലകളും അംഗവസ്ത്രങ്ങളും അവർ രോഗികളുടെ അടുത്തു കൊണ്ടുവന്നു. അപ്പോൾ രോഗം അവരെ വിട്ടുമാറുകയും അശുദ്ധാത്മാക്കൾ അവരിൽനിന്നു പുറത്തുവരുകയും ചെയ്തിരുന്നു.** (അപ്പ.19:12)

### കനീസിയൂസച്ചാ നന്ദി...

**ലിബിയ ലിനറ്റ്,** ആലത്തൂർ

വിദേശത്ത് ജോലി ചെയ്യുന്ന ഞങ്ങളുടെ അപ്പച്ചന് അവിടുത്തെ ഡ്രൈവിങ്ങ് ലൈസൻസിനുള്ള ടെസ്റ്റ് പാസായി കിട്ടുവാൻ കനീസിയൂസ് പിതാവിനോട് നിരന്തരം മദ്ധ്യസ്ഥം യാചിക്കാറുണ്ടായിരുന്നു. അതിന്റെ ഫലമായി ടെസ്റ്റ് പാസ്സായി. കനീസിയൂസച്ചന് ഒരായിരം നന്ദി.

### ദൈവത്തിന് എല്ലാം സാധ്യമാണ്

**ഡാനി ദേവസ്സി പി,** ഐരാണികുളം

എനിക്ക് ഞാൻ ആഗ്രഹിച്ച കോളേജിൽ തന്നെ അഡ്മിഷൻ ലഭിക്കണമേ എന്ന് ഞാൻ കനീസിയൂസ് പിതാവിനോട് മാദ്ധ്യസ്ഥം അപേക്ഷിച്ചിരുന്നു. പിതാവിന്റെ അനുഗ്രഹത്താൽ എന്റെ ആഗ്രഹം സഫലമായി. അതുപോലെ എന്റെ അമ്മച്ചിക്ക് പിത്തസഞ്ചിയിൽ കല്ലുണ്ടായിരുന്നു. യാതൊരു വിഷമങ്ങളുമില്ലാതെ ഓപ്പറേഷൻ വിജയകരമായി നടന്നു.

### ഉന്നത വിജയം നൽകി അനുഗ്രഹിച്ചു.

**ടീന ജോസ്,** മടത്തുമ്പാടി

രണ്ടാമത്തെ സെമസ്റ്റർ റിസൽട്ട് വന്നപ്പോൾ ഉന്നത വിജയം നൽകി അനുഗ്രഹിച്ചതിന് നന്ദി പറയുന്നു. അനിയന് +1 ൽ വിചാരിച്ച ഗ്രൂപ്പ് അഡ്മിഷൻ നല്കി അനുഗ്രഹിച്ചതിന് നന്ദി പറയുന്നു.

### വിവാഹം മംഗളകരമായി നടന്നു

**സി. ലൂസിറ്റ,** മാള

കനീസിയൂസ് പിതാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി വിവാഹം മംഗളകരമായി നടന്നതിന് കനീസിയൂസ് പിതാവിന് ഒരായിരം നന്ദി.

### അളവില്ലാത്ത അനുഗ്രഹങ്ങൾ

**സിൻസി ടി. ഒ,** ചാലക്കുടി

കനീസിയൂസച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി ചേട്ടന്റെ വിവാഹം നടന്നു. സിൻസന്റെ അസുഖം മാറി, കുടുംബ സമാധാനം ലഭിച്ചു. മനസമാധാനം ഉണ്ടായി. അമ്മയ്ക്ക് രോഗസൗഖ്യം ലഭിച്ചു. കുടുംബത്തിലെ തടസ്സം മാറി കിട്ടി.

### പ്രാർത്ഥിച്ചപ്പോൾ ഉത്തരമരുളിയ ദൈവം

**നിത ജോൺസൻ,** ഐരാണിക്കുളം

എന്റെ ചേച്ചിയുടെ പ്രസവം സുഖമായി നടക്കാൻ വേണ്ടി ഞാൻ പ്രാർത്ഥിച്ചിരുന്നു. എന്റെ ചേച്ചിക്കും കുഞ്ഞിനും ഒരു കുഴപ്പവും കൂടാതെ ദൈവം അനുഗ്രഹിച്ചു. ഒരുപാട് നന്ദി.

### മദ്ധ്യസ്ഥ ശക്തി

**ഫ്രീസ പോളി**

വ്യാഴാഴ്ചയിൽ നടന്ന് വരുന്ന ത്രിമുഖ ജപമാലയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചതിന്റെ ഫലമായി പ്രാറ്റിക്കൽ പരീക്ഷക്ക് മുഴുവൻ മാർക്കോടു കൂടി പാസ്സാകുവാൻ സാധിച്ചു. ഞാൻ ആദ്യമായാണ് ത്രിമുഖ ജപമാലയിൽ പങ്കെടുത്തത്. കനീസിയൂസച്ചന് ഒരായിരം നന്ദി.

### അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത കനീസിയൂസച്ചൻ

**ടീന റോസ്,** മടത്തുമ്പാടി

ഞായറാഴ്ച്ച ഉച്ച സമയത്ത് രണ്ടാം നിലയുടെ മുകളിൽ നനക്കാൻ കയറിയപ്പോൾ നിലതെറ്റി താഴെ വീഴാൻ പോയപ്പോൾ അടുത്തുള്ള തെങ്ങിൽ പിടിച്ചത് കൊണ്ട് ഒന്നും സംഭവിച്ചില്ല. കനീസിയൂസച്ചൻ ആണ് എന്റെ മനസ്സിലേക്ക് അപ്പോൾ വന്നത്. ഇത്രയും വലിയ അനുഗ്രഹം തന്ന കനീസിയൂസച്ചന് നന്ദി.

### ഇടവിടാതെ പ്രാർത്ഥിച്ചപ്പോൾ

**ലൈജി,** തുറവശ്ശേരി, കുഴൂർ

ഞാൻ വളരെ നാളായി വിദേശത്ത് പോകുവാൻ ആഗ്രഹിക്കുന്നു. കനീസിയൂസച്ചനോട് എന്റെ കടങ്ങൾ മാറ്റുവാൻ എന്തെങ്കിലും ഒരു വഴി കാണിക്കണമെന്ന് മനമുരുകി പ്രാർത്ഥിക്കുകയും പ്രാർത്ഥനാസഹായം തേടുകയും ചെയ്തു. അതിന്റെ ഫലമായി വ്യാഴാഴ്ചയിലെ പ്രാർത്ഥനയിൽ മൂന്ന് ദിവസം പങ്കെടുക്കുകയും പ്രാർത്ഥനാ സഹായം തേടുകയും ചെയ്തു. അതിന്റെ ഫലമായി എനിക്ക് ഇറ്റലിക്കുള്ള വിസ ശരിയായി ഇറ്റലിക്ക് പോകുവാൻ സാധിച്ചു. അവിടെ നല്ലൊരു ജോലി ലഭിക്കാനും എന്റെ കടങ്ങൾ വീട്ടാനും സഹായിച്ച കനീസിയൂസച്ചനോട് ഉരുകിയ മനസ്സുമായി നന്ദി അർപ്പിക്കുന്നു.

### രക്ഷാകവചമായ കനീസിയൂസച്ചൻ

**സാലി ജോസ്,** മാള

എന്റെ മകൾക്ക് വർഷങ്ങളായി തുമ്മലും മൂക്കൊലിപ്പും ഉണ്ടായിരുന്നു. കനീസിയൂസച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി അത് തീർത്തും മാറി കിട്ടി. യാതൊരു മരുന്നിനും മാറ്റാൻ കഴിയാത്ത ഈ അസുഖം പ്രാർത്ഥനകൊണ്ട് മാത്രം മാറിക്കിട്ടി. അങ്ങേക്ക് ഒരായിരം നന്ദി.

### ദൈവ പിതാവേ നന്ദി

**സിന്ധു ജോസ്,** കൊമ്പിടി

ഞങ്ങളുടെ മകൻ കാൽവിൻ ജോസിന്റെ NIT B.Tech 1st semester പരീക്ഷക്ക് വേണ്ടി കനീസിയൂസച്ചന്റെ പ്രത്യേക മദ്ധ്യസ്ഥം തേടിയിരുന്നു. അപേക്ഷിച്ച എല്ലാ കാര്യങ്ങളും ഭംഗിയായി നടത്തിതന്ന കനീസിയൂസച്ചന്റെ മദ്ധ്യസ്ഥം വഴി result വന്നപ്പോൾ ഞങ്ങൾ വിചാരിച്ചതിനേക്കാൾ കൂടുതൽ മാർക്ക് (8.38) കിട്ടിയതിന് കനീസിയൂസച്ചനോട് നന്ദി പറയുന്നു.

### കർത്താവിൽ ആശ്രയം തേടിയപ്പോൾ

**ഷിബു കെ എ,** ആനന്ദപുരം

കനീസിയൂസ് പിതാവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി എനിക്ക് ഒരുകടമുറി പണിത് അതിൽ ബിസിനസ്സ് ചെയ്യുവാനുള്ള അനുഗ്രഹം ലഭിച്ചു. കനീസിയൂസച്ചനിലൂടെ ഈ അനുഗ്രഹം നല്കിയ ദൈവത്തിന് ആരാധന സ്തുതി.

### ഭയപ്പെടേ നീ എന്റേതാണ്

**ആൽഫ്രഡ്,** വൈലിക്കുടം

എന്റെ മകൻ പഠിക്കുവാൻ വളരെ പിന്നോക്കമാണ്. എന്നാൽ മകൻ എല്ലാ ദിവസവും പള്ളിയിൽ വന്ന് പിതാവിവിനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി അവൻ പാസായി. അത് എന്റെ മകന്റെ പഠിപ്പിന്റെ ഫലം അല്ല അവന് കനീസിയൂസച്ചനോടുള്ള ഭക്തിയുടെ ഫലമാണ് എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. എത്ര പറഞ്ഞാലും മതിവരില്ല അത്രയും നന്ദി.

### കണ്ണീർ തുടച്ച ദൈവം

**ക്ലെമൻസ് കുര്യൻ,** കോട്ടമുറി

ദൈവദാസൻ കനീസിയൂസ് പിതാവിനോടുള്ള മദ്ധ്യസ്ഥം വഴി ഗൾഫിൽ നല്ല ഒരു ജോലി കിട്ടി. നല്ല ഒരു ജോലി കിട്ടിയതിന് ഉപകാരസ്മരണ അർപ്പിക്കുന്നു.

### ഞങ്ങളുടെ സന്തോഷം പൂർണ്ണമായി

**വിനീത് തോമസ്,** ബാംഗ്ലൂർ

എന്റെ കണ്ണിന്റെ പുറകിലായി പിറ്റ്യൂട്ടറി ഗ്രന്ഥിയിൽ ഒരു ഗ്രോത്ത് വന്നു. അതു ഓപ്പറേഷൻ ചെയ്ത് നീക്കി. ഒരു മാസം കഴിഞ്ഞ് ടെസ്റ്റിൽ വീണ്ടും തടിപ്പ് കണ്ടു. റേഡിയേഷനാണ് ഡോക്ടർ നിർദ്ദേശിച്ചത്. എന്നാൽ ഞാൻ ചികിത്സക്കൊന്നും പോയില്ല. ഒരുമാസം കനീസിയൂസച്ചനോടുള്ള പ്രാർത്ഥനയും ധ്യാനവും ഒക്കെയായി കഴിച്ച് കൂട്ടി. അതിനു ശേഷം പരിശോധിച്ചപ്പോൾ അസുഖം തീർത്തും മാറിയതായി കണ്ടെത്തി. കനീസിയൂസച്ചന് നന്ദിയുടെ കൃതജ്ഞതകൾ അർപ്പിച്ച് കൊള്ളുന്നു.

### എനിക്ക് ഫുൾ A+ ലഭിച്ചു

**സ്റ്റിബിന കെ ബാബു,** കോട്ടമുറി

ദൈവദാസനായ കനീസിയൂസ് പിതാവിന്റെ അനുഗ്രഹത്താലും മാദ്ധ്യസ്ഥത്താലും എന്റെ അലർജി മൂലമുള്ള തുമ്മൽ സൗഖ്യപ്പെടുകയും +2 പരീക്ഷയിൽ Full A+ ലഭിക്കുകയും ചെയ്തു. ഈ വലിയ അനുഗ്രഹത്തിന് ഞാൻ നന്ദി അർപ്പിക്കുന്നു.



**“പണം പഞ്ചസാരയാണ്. അത് അമിതമായാൽ ആത്മാവിന് പ്രമേഹവും അത് സംബന്ധിച്ച അസുഖങ്ങളും ഉണ്ടാകും. പിശുക്ക് ദാരിദ്ര്യാരൂപിയല്ല. പഞ്ചസാര കുറവായാലും രോഗങ്ങളുണ്ടാകും.”**



## വിശ്വാസം ദൈവത്തിന്റെ ദാനമാണ്

**മിന്നു മരിയ ജോയ്,** മാള

കനീസിയൂസ് അച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി SSLC പരീക്ഷയിൽ Full A+ ബോണസ് മാർക്ക് കൂടാതെ തന്നെ ലഭിച്ചു.

## ഹൃദയത്തെ അറിയുന്ന പിതാവ്

**ലിസ്സി,** കോട്ടമുറി

എന്റെ തൊണ്ടയിൽ ഒരു മുഴപോലെ വന്നു. അത് തൈറോയ്ഡ് ആണ് എന്നാണ് ഡോക്ടർ പറഞ്ഞത്. ഞാൻ കനീസിയൂസച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി എനിക്ക് രോഗസൗഖ്യം ലഭിച്ചു.ദൈവമെ നന്ദി, ദൈവമെ സ്തുതി.

## കൃപാനിധിയായ പിതാവ്

**ആന്റോ,** കോട്ടമുറി

2015 മെയ് മാസത്തിൽ കടുത്ത പനിയും ശ്വാസതടസം മൂലമുള്ള അസ്വസ്ഥതകളും അസഹ്യമായ അവസരത്തിൽ കനീസിയൂസ് പിതാവിനോട് മാദ്ധ്യസ്ഥം യാചിക്കുകയും സൗഖ്യം ലഭിക്കുന്നതിനു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു വൈകാതെ തന്നെ പനി വിട്ടുപോവുകയും ശ്വാസതടസ്സം മാറുകയും ചെയ്തു. ഇത്രയും വലിയ അനുഗ്രഹം കർത്താവിൽ നിന്ന് വാങ്ങിനല്കിയതിന് നന്ദി പറയുന്നു.

## അത്ഭുതങ്ങൾ പ്രവർത്തിച്ച ദൈവം

**ആന്റണി,** പട്ടിമറ്റം

കനീസിയൂസച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി വീട് പുതുക്കിപ്പണിയുന്നതിനും മകന്റെ വിവാഹം നടത്തുന്നതിനും സാധിച്ചു. ഒരു മകന് വിദേശത്ത് ജോലിയും ലഭിച്ചു.

## അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത പിതാവ്

**ജോഷി ആന്റണി,** ഒല്ലൂർ

എന്റെ മകൾക്ക് ഹൃദയസംബന്ധമായ അസുഖം മൂലം പേസ്മേക്കർ വെയ്ക്കേണ്ടി വന്നു, ആ അവസരത്തിൽ ഓപ്പറേഷൻ വിജയകരമായി പൂർത്തിയാക്കാൻ കഴിഞ്ഞാൽ ഞാൻ ഇവിടെ വന്ന് കുമ്പിട്ട് നന്ദി പറയാം എന്ന് നേർന്നിരുന്നു. ദൈവദാസൻ കനീസിയൂസ് പിതാവിന്റെ മാദ്ധ്യസ്ഥത്തിന് നന്ദി.

## പ്രമോഷൻ നൽകി അനുഗ്രഹിച്ചു

**ശോഭ കെ. എ.**

33 വർഷം ഗവൺമെന്റ് സർവ്വീസിൽ ജോലി ചെയ്തയാളാണ് ഞാൻ. കനീസിയൂസച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി വിരമിക്കുന്നതിന്റെ 6 ദിവസം മുമ്പ് പ്രമോഷൻ ലഭിച്ചു അതും സ്വന്തം ജില്ലയിൽ തന്നെ. അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത കനീസിയൂസച്ചന് നന്ദിയുടെ നറുമലരുകൾ.

## സഹായകനായ കനീസിയൂസച്ചൻ

**ജോഷി മേലഡൂർ**

അച്ചനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി നല്ല ഒരു ആൺകുഞ്ഞിനെ നല്കി അനുഗ്രഹിച്ചതിന് നന്ദി പറയുന്നു.

## അളവില്ലാത്ത അനുഗ്രഹം

**ആനി മേനാച്ചേരി,** സ്നേഹഗിരി

മക്കൾക്ക് കാനഡയിൽ P.R ലഭിക്കുകയും മകളുടെ വിവാഹം നടക്കാനുള്ള അനുഗ്രഹം ലഭിക്കുകയും ചെയ്തതിന് അങ്ങേക്ക് ആയിരമായിരം നന്ദി പറയുന്നു.

## വിശ്വസിച്ചപ്പോൾ സൗഖ്യം

**നിത ആന്റണി,** മാള

ജലദോഷം മൂലം എന്റെ മകളുടെ കേൾവി കുറഞ്ഞു. കനീസിയൂസച്ചനോട് നിയോഗം വെച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി എന്റെ മകളുടെ രോഗം പൂർണ്ണമായും മാറി. യേശുവേ നന്ദി, യേശുവേ സ്തുതി.

## കർത്താവിൽ ആശ്രയിച്ചപ്പോൾ

സി. എൽ ജോസഫ്, മാള

ഞാൻ വീണ് കാലിന്റെ എല്ല് പൊട്ടി. തുടയിൽ operation ചെയ്യുവാൻ പറ്റുകയില്ല എന്ന് lakeshore ആശുപത്രിയിൽ പോയപ്പോൾ പറഞ്ഞു. കനീസിയൂസച്ചനോട് മുട്ടിപ്പായി പ്രാർത്ഥിച്ച് രാജഗിരി ആശുപത്രിയിൽ പോയി operation ചെയ്തു. അതു പൂർണ്ണമായും ശമനം തന്നത് കനീസിയൂസച്ചനാണെന്ന് ഞാൻ വിശ്വസിക്കുന്നു.ഞങ്ങളെ ഇനിയും അനുഗ്രഹിക്കണമേ..

## സൗഖ്യം നൽകിയ കർത്താവ്

**രേഷ്മ ബാബു**

പരീക്ഷക്ക് 80% മാർക്കെങ്കിലും കിട്ടണമെന്ന് പ്രാർത്ഥിച്ചു. 94% മാർക്ക് നല്കി കനീസിയൂസച്ചൻ അനുഗ്രഹിച്ചതിന് നന്ദി. അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത അച്ചന് ഒരായിരം നന്ദി.

**മങ്ങാത്തവിളക്കുകളായി നാം തീരുന്നത് വിശ്വപ്രകാശമായ ക്രിസ്തുസന്നിധിയിലെ ഉപാസനയും അവിടുത്തെ അനുകരണവും വഴിയാണ്.**

ഒന്നാം പേജ് തുടർച്ച ...

# വരിക, പോവുക, മരിക്കുക...



ദൈവദാസൻ കനീസിയൂസ് അച്ചൻ

ദർ അഞ്ചുപ്രാവശ്യം ഒന്നുകുറയാതെ നാൽപ്പതു വീതം എന്നെ പ്രഹരിച്ചിട്ടുണ്ട്. വടികൊണ്ട് മൂന്നു പ്രാവശ്യം എനിക്ക് അടി കിട്ടിയിട്ടുണ്ട്. ഒരിക്കൽ അവരെന്നെ കല്ലെറിഞ്ഞു. മൂന്നുപ്രാവശ്യം ഞാൻ കപ്പലപകടത്തിൽപ്പെട്ടു ഒരു രാവും പകലും ഞാൻ കടലിൽ കഴിഞ്ഞുകൂടി. എന്റെ നിരവധി യാത്രകൾക്കിടയിൽ നദികളിൽ വച്ചും കള്ളന്മാരിൽനിന്നും സ്വജാതീയരിൽനിന്നും വിജാതീയരിൽനിന്നും പട്ടണങ്ങളിൽ വച്ചും, കാട്ടിൽ വച്ചും കടലിൽ വച്ചും, വ്യാജസഹോദരരിൽ നിന്നും ആപത്തുകൾ പലതുണ്ടായിട്ടുണ്ട്. ദിവസംതോറും സർവ്വ സഭകളെക്കുറിച്ചും എനിക്കുള്ള ഉൽകണ്ഠകൾക്ക്പുറമെ അദ്ധ്വാനം, ക്ഷീണം, ജാഗരണം, വിശപ്പ്, ദാഹം, ശൈത്യം, നഗ്നത എന്നീ ബാഹ്യ ക്ലേശങ്ങൾ പലപ്പോഴും ഞാൻ സഹിച്ചിട്ടുണ്ട്. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ പിതാവും എന്നേക്കും വാഴ്ത്തപ്പെട്ടവനുമായ ദൈവത്തിനറിയാം ഞാൻ കള്ളമല്ല പറയുന്നതെന്ന്” (2 കോറി. 11, 23-34). അതെ, അപ്പോസ്തലൻ വിളിക്കപ്പെടുന്നത് മരിക്കുവാനാണ്. പക്ഷെ ആ മരണം അനേകരുടെ ജീവന് കാരണമാകും. ഈ അറിവോടുകൂടിയാണ് അവസരം വന്നപ്പോൾ ഗുരുവിനോടുകൂടി പോയി മരിക്കുന്നതിൽ സഹപ്രേഷിതരെ നമ്മുടെ പിതാവ് ആഹ്വാനം ചെയ്തത്.

ഒരു അപ്പോസ്തലന്റെ കർത്തവ്യം നന്നായി മനസ്സിലാക്കുകയും ആ കർത്തവ്യ നിർവഹണത്തിന് സഹപ്രേഷിതർക്ക് അവസരോചിതം ഉത്തേജനം നല്കുകയും ചെയ്തിരുന്നവനാണ് വി തോമസ് എന്ന് അദ്ദേഹത്തിന്റെ വാക്കുകൾ സ്പഷ്ടമാക്കുന്നു.


അപ്പോസ്തലധർമ്മം സംബന്ധിച്ച് വി. പൗലോസിന്റെ ജീവിതവും എഴുത്തുകളും നല്കുന്ന വിപുലമായ സൂചനകളുടെ സിംഹഭാഗവും: “അവിടത്തോടുകൂടി പോയി മരിക്കുക” എന്ന തോമാശ്ലീഹായുടെ ചെറുവാക്യം സമൃക്കായി സമാഹരിക്കുന്നുവെന്ന് പറയാം.

വി. തോമസ് ഇന്ത്യയിൽ വന്നത് “പോവുക” എന്ന ആജ്ഞയരുസരിച്ചാണെന്നും, ദിവ്യഗുരു അദ്ദേഹത്തോടുകൂടി ഉണ്ടായിരുന്നു എന്ന പരമ ബോധ്യം അദ്ദേഹത്തെ അപ്രതീക്ഷിതങ്ങളായ സാഹചര്യങ്ങളെയും സംഭവവികാസങ്ങളെയും അക്ഷോഭ്യനായി അഭിമുഖീകരിക്കുവാൻ പ്രാപ്തനാക്കിയെന്നും നമുക്ക് യുക്തിപൂർവ്വം അഭിമാനിക്കാം. അദ്ദേഹം പോകുന്നത് മരിക്കാനാണെന്ന വസ്തുതയും അദ്ദേഹത്തിന് അജ്ഞാതമല്ലായിരുന്നു. പക്ഷെ, തന്റെ മരണം ഭാരതസന്താനങ്ങളുടെ സനാതന ജീവന് ആവശ്യമാണെന്ന് അദ്ദേഹം മുൻകൂട്ടി കണ്ടു. ആ മരണത്തെ അദ്ദേഹം സ്വാഗതം ചെയ്തു. തന്റെ രക്തം ചിന്തിയവർ ശത്രുക്കളല്ല; അവർ ചെയ്യുന്നത് എന്തെന്നറിയാതെ, അവരിലേക്ക് ജീവജലത്തിന്റെ സ്രോതസ്സ് തുറന്നുകൊടുക്കുവാൻ ദൈവസമക്ഷം മാദ്ധ്യസ്ഥം പറയാനുള്ള രക്തകണങ്ങളെ തന്നിൽനിന്നും കുത്തിപ്പുറപ്പെടുത്തുവാൻ സഹായിച്ചവരാണവർ. അവർ അദ്ദേഹം മുൻകൂട്ടിക്കണ്ട അരുമസന്താനങ്ങളാണ്. അവർക്കുവേണ്ടി ഇന്നും ആ രക്തകണങ്ങൾ മാദ്ധ്യസ്ഥം പറയുന്നു: പക്ഷെ, 2000 വർഷങ്ങളായിട്ടും ഈ വത്സലതാതനെ അംഗീകരിക്കാത്തവരല്ലേ ഭാരതസന്താനങ്ങളിൽ ബഹുഭൂരിപക്ഷവും! നമ്മെ ഇരുത്തിച്ചിന്തിപ്പിക്കേണ്ട ഒരു വസ്തുതയാണിത്. അതേ സമയം വളരെ ആശ്വാസപ്രദമായ ഒരു വസ്തുതയുണ്ട്. അപ്പസ്തോല ദൗത്യവുമായി ദിവ്യഗുരു ആയിരങ്ങളേത്തന്നെ ഇന്ന് ഭാരതത്തിൽ അങ്ങോളമിങ്ങോളം പ്രവർത്തനനിരതമാക്കിയിട്ടുണ്ട്. അവർ ഒരോരുത്തരും ആദ്യത്തെ അപ്പോസ്തലന്റെ ചൈതന്യത്തോടുകൂടി മുന്നേറുവാൻ ഇടയാകട്ടെ. അല്ലയോ പ്രേഷിതരേ, “പോവുക” എന്ന ആജ്ഞയനുസരിക്കുക. അവിടത്തോടുകൂടി മരിക്കുവാനാണ് നിങ്ങൾ പോയിരിക്കുന്നത്. രക്തം ചിന്തിയിട്ടാണെങ്കിലും അല്ലെങ്കിലും ദിവ്യഗുരുവിനെപ്പോലെ നിങ്ങളുടെ ശക്തിയും കഴിവുകളും ദൈവജനത്തെ വികസിപ്പിക്കുന്നതിനും വിശുദ്ധീകരിക്കുന്നതിനും പവിത്രീകരിക്കുന്നതിനും, മഹത്വപൂർണ്ണമാക്കുന്നതിനുമായി നിർലോഭം, അഹോരാത്രം കോരിച്ചൊരിഞ്ഞുകൊടുത്ത്, ഇഞ്ചിഞ്ചായി അവശതയിലേക്കു നീങ്ങുമ്പോൾ നിങ്ങൾക്ക് സമാധാനിക്കാം. ഇതാ ഞങ്ങൾ അവിടന്ന് ഏൽപ്പിച്ച ദൗത്യത്തിനായി അങ്ങയോടുകൂടി മരിക്കുന്നുവെന്ന്. ■



Late Fr.Antony Pallippadan C.M.I

# ജീവിക്കുന്ന വിശുദ്ധൻ...



**അ**നാർഭാടമായ കാവി നിറമുള്ള രോമളോഹയാണ് എപ്പോഴും ധരിക്കാറുള്ളത്. കൈകൾ രണ്ടും സ്കപ്പുളുറയുടെ അടിയിൽ പിടിച്ച് കണ്ണുകൾ താഴ്മയോടെ നോക്കി സാവധാനം നടന്നു നീങ്ങുന്ന പ്രകൃതിയാണ്. മന്ദസ്മിതം തൂകുന്ന പോലെയാണ് കാണപ്പെടാറ്. ചെറിയ സ്വരത്തിലേ സംസാരിക്കുകയുള്ളു. ചെയ്യുന്ന ഏതൊരു കാര്യവും ഒരു വിശുദ്ധനടുത്ത പുണ്യത്തോടെയാണ് ചെയ്യാറ്. അതുകൊണ്ട് അദ്ദേഹം റോമിൽ പഠിച്ചിരുന്നപ്പോൾ അവിടെയുണ്ടായിരുന്നവർ “ജീവിക്കുന്ന വിശുദ്ധൻ” എന്ന് അദ്ദേഹത്തെപ്പറ്റി എഴുതി അയക്കാറുണ്ട്. ആ വാക്കുകൾ എപ്പോഴും സ്വാർത്ഥകമായാണ് തോന്നിയിരുന്നത്. ചെറുപ്പം മുതൽ മരിക്കുന്നതു വരെ അങ്ങനെ ഒരു രീതിയിലാണ് വർത്തിച്ചിരുന്നത്.

## പരിശുദ്ധാരൂപിയാൽ നിറഞ്ഞവൻ:–

അദ്ദേഹത്തിന്റെ സംസാരവും പ്രവർത്തികളും കേട്ടാലും കണ്ടാലും പരിശുദ്ധാരൂപിയാൽ എപ്പോഴും നിറഞ്ഞവനെന്നേ തോന്നുകയൊള്ളു. അദ്ദേഹം പരിയാരത്ത് സി.എസ്.ആർ–ൽ ആയിരിക്കുമ്പോൾ ഞങ്ങൾ കുറച്ച് പേർ ഒരു സെമിനാറിൽ സംബന്ധിക്കുകയായിരുന്നു. അപ്പോൾ ചിലർ പറഞ്ഞു ഈ കരിസ്മാറ്റിക്കുകാർ വളരെ ശബ്ദത്തോടുകൂടി പ്രസംഗങ്ങൾ പറയാറുണ്ടല്ലൊ. ഇത്തരം ബഹളങ്ങൾ ശരിയാണൊ, ബ.കനീസിയൂസ് അച്ചന്റെ അഭിപ്രായമെന്താണ് എന്നു നമുക്കൊന്നു ചോദിക്കാമെന്ന് പറഞ്ഞ് ഞങ്ങൾ അദ്ദേഹത്തെ കാണാൻ പോയി, അദ്ദേഹത്തെ സമീപിച്ച് ഇക്കാര്യം അദ്ദേഹത്തോടു പറഞ്ഞു അദ്ദേഹം ശ്രദ്ധാപൂർവ്വം ഇതു കേട്ടു, അല്പമൊന്നു ചിന്തിച്ചിട്ട് പറഞ്ഞു. “പരിശുദ്ധാരൂപിയ്ക്ക് ആത്മാക്കളെ രക്ഷിക്കുവാൻ പല മാർഗ്ഗങ്ങളല്ലെ” എന്ന്. അതു കേട്ടു ഞങ്ങൾ സ്ഥലം വിട്ടു. “പരിശുദ്ധാരൂപികൊണ്ടു നിറഞ്ഞ ദൈവപുരുഷന്റെ ചിന്ത കണ്ടോ” എന്ന് ഞങ്ങൾ പരസ്പരം പറഞ്ഞു.

ഞാൻ പട്ടം സ്വീകരിച്ചു ഒരു വർഷം കൂടി ധർമ്മാരാമിൽ പഠിക്കുന്ന സമയം, അപ്പോൾ എന്റെ അപ്പൻ വാർദ്ധക്യസഹജമായ അസുഖത്താൽ മരണാസന്നനായിതീർന്നിരിക്കുകയാണ്. അപ്പോൾ വീട്ടിൽ നിന്നും കമ്പി സന്ദേശം വന്നു പിതാവു അത്യാസന്നനായിരിക്കുകയാണെന്ന്. എനിക്ക് ഉടനെ കേരളത്തിന് പോരണമെന്നു തോന്നി, അന്നു ബ. കനീസിയൂസ് അച്ചനായിരുന്നു ധർമ്മാരാം റെക്ടർ. ഞാൻ അദ്ദേഹത്തെ സമീപിച്ചു വിവരമറിയിച്ചു. അദ്ദേഹം ഒരു നിമിഷം മൗനമായി നിന്നതിനുശേഷം പറഞ്ഞു ഇപ്പോൾ പോകണ്ട. കാരണം ധർമ്മാരാമിലെ കോഴ്സു തിരാത്തതിനാൽ പോയാൽ ഉടനെ മടങ്ങി വരേണ്ടി വരും. അപ്പോൾ കൂടുതലായി എന്തെങ്കിലും സംഭവിച്ചാൽ ഞാൻ അവിടെയില്ലാതിരിക്കുമല്ലൊ. അതിനാൽ പഠനം കഴിഞ്ഞ് ഉടനെ പോകാമല്ലൊ അപ്പോൾ പിന്നെ എന്തു സംഭവിച്ചാലും അച്ചൻ അവിടെ ഉണ്ടാകുമല്ലൊ. അച്ചൻ ചെല്ലുന്നതു വരെ ഒന്നും സംഭവിക്കുകയില്ല. നമുക്ക് പ്രാർത്ഥിക്കാം എന്നു പറഞ്ഞു. ഞാൻ പഠനം കഴിഞ്ഞ് വലിയ ആഴ്ചയ്ക്കുമുമ്പ് കേരളത്തിലെത്തി. ഈസ്റ്റർ കഴിഞ്ഞ് വ്യാഴ്ചയാണ് അപ്പൻ മരിച്ചത്. ബ. റെക്ടറച്ചന്റെ കണക്കുക്കൂട്ടലുകൾ എത്ര കണിശമായിരുന്നുവെന്ന് ഞാൻ ഗ്രഹിച്ചു. അത് അരൂപി നിറഞ്ഞ ബ. റെക്ടറച്ചന്റെ തീരുമാനമായി ഞാൻ മനസ്സിലാക്കി.

ബ. റെക്ടറച്ചൻ എടുക്കുന്ന ഏതൊരു തീരുമാനത്തിന്റെയും അടിയിൽ അരൂപിയുടെ പ്രവർത്തനമുണ്ടായിരുന്നതായി എപ്പോഴും തോന്നിയിരുന്നു. നീതിമാനായ റെക്ടറച്ചൻ, ധർമ്മരാമിൽ ആവശ്യമായ കുർബാനക്കുപയോഗിക്കുന്ന വീഞ്ഞ് ജനറൽ ഹൗസിൽ നിന്നുമാണ് കൊണ്ടുവന്നിരുന്നത്. അതു കൊണ്ടുവന്നപ്പോൾ ബാംഗ്ലൂർ റെയിൽവെസ്റ്റേഷനിൽ അധികാരികൾ പിടിച്ചു. അതു കൊണ്ടുവരുവാനുള്ള ലൈസൻസു ചോദിച്ചപ്പോൾ അതില്ലായെന്നു പറഞ്ഞു. ജനറൽ ഹൗസിൽ നിന്നുള്ള വില്പന ലെറ്റർ മാത്രമേ ഉണ്ടായിരുന്നൊള്ളു അതുപോരാ സംസ്ഥാനം മാറുന്നതു കൊണ്ടു ബാംഗ്ലൂർ അധികൃതരുടെ അനുവാദലെറ്റർ കൂടിവെണമെന്നു പറഞ്ഞു. അവർ കുപ്പികൾ അവിടെ തടഞ്ഞുവച്ചു. അവർ കൂടുതൽ വിവരങ്ങൾ ശേഖരിക്കുവാൻ ധർമ്മരാമിൽ വന്നു. പതിവനുസരിച്ച് അവിടെ നല്ല കാപ്പി കൊടുത്തു. ബ.റെക്ടറച്ചന്റെ സൗമ്യമായ പെരുമാറ്റവും, നല്ല കാപ്പിയും കണ്ടപ്പോൾ അവർ പറഞ്ഞു: “ഇത്തവണ വിലയൊന്നും വേണ്ടാ ഇനി കൊണ്ടു വരുമ്പോൾ ലൈസൻസും എടുത്താൽ മതി”. അതു കേട്ടപ്പോൾ റെക്ടറച്ചൻ പറഞ്ഞു. “അതു പോരാ എന്തെങ്കിലും ശിക്ഷ ഇപ്പോൾ തരണം, കാരണം ഞങ്ങൾ നിയമം പഠിച്ചു അതനുസരിച്ച് ചെയ്യേണ്ടവരാണല്ലോ”. അതുകേട്ടപ്പോൾ ഉദ്യോഗസ്ഥൻ ആശ്ചര്യപ്പെട്ടു. “ഇതുപോലൊരു വ്യക്തിയെ ഞാൻ കബളിപ്പിച്ചിട്ടില്ല” എന്നു പറഞ്ഞത് കേട്ട് ചെറിയ ഒരു ശിക്ഷനൽകി അദ്ദേഹം തിരിച്ചുപോയി. നോക്കുക റെക്ടറച്ചന്റെ നീതിബോധം അത് ഒരു വലിയ പാഠമായി എന്നും എന്റെ മുമ്പിൽ നിൽക്കുന്നു. ആരെയും വിഷമിപ്പിക്കാത്ത റെക്ടറച്ചൻ, ഒരിക്കൽ ഞങ്ങളുടെ ബാച്ചിന്റെ കളി കഴിഞ്ഞ് കുളിക്കാൻ വന്നപ്പോൾ ഒരു മുറിയിൽ റെക്ടറച്ചൻ കുളിക്കാൻ കയറിയിരുന്നു. ഒരു മുറിയിൽ കുളിക്കേണ്ട ബ്രദർ വന്നപ്പോൾ മുറിയുടെ വാതിൽ മുട്ടി സ്വരമുണ്ടാക്കി. അപ്പോൾ റെക്ടറച്ചൻ അകത്തുനിന്നു പറഞ്ഞു, ക്ഷമിക്കണം ബ്രദറെ, ഞാൻ അറിയാതെ കയറിപ്പോയ്, ഇപ്പോൾ വരാം. റെക്ടറച്ചനാണെന്നറിഞ്ഞപ്പോൾ ആ ബ്രദർ sorry പറഞ്ഞ് അകലെ മാറി നിന്നു. നോക്കുക, റെക്ടറച്ചൻ ആരെയും ഒട്ടും വിഷമിപ്പിക്കാത്ത വ്യക്തിയാണ്. തിടുക്കത്തിൽ അദ്ദേഹം പുറത്തിറങ്ങി.

## കൃശഗാത്രൻ

ഞങ്ങൾ ധർമ്മാരാമിൽ ചെന്നപ്പോൾ ഒരു കൊച്ചുബ്രദറെ പോലെയാണ് ഞങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടത്. 65കി.തൂക്കം കാണും. ഞങ്ങൾ 7 വർഷം കഴിഞ്ഞു പോന്നപ്പോഴും റെക്ടറച്ചന്റെ തൂക്കം ഒട്ടും കൂടിയില്ല. കുറഞ്ഞതുമില്ല. അല്പാഹാരപ്രിയനായിരുന്നു. എന്നും ഉപവാസം അനുഷ്ഠിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ഭക്ഷണക്രമം കൊണ്ടായിരിക്കണം ജീവിതകാലത്ത് അദ്ദേഹത്തിന് അസുഖമെന്നും ഉണ്ടാകാതിരുന്നത്.

## Simple and humble

അദ്ദേഹം എപ്പോഴും പറയുമായിരുന്ന gospel simplicity അദ്ദേഹത്തിന്റെ ജീവിതശൈലിയായിരുന്നു. വസ്ത്രത്തിലും നിൽപിലും, ഇരിപ്പിലും, നടപ്പിലും, എല്ലാം വെറും സാധാരണക്കാരൻ, എപ്പോഴും കർമ്മലീത്തവസ്ത്രം ധരിക്കുന്നു. പഠനത്തിൽ വിശുദ്ധഗ്രന്ഥത്തിൽ ഡോക്ടറേറ്റ് ഉണ്ടായിരുന്നുവെങ്കിലും അധികം പുസ്തകം എഴുതുകയോ, പ്രസംഗിക്കുകയോ, ചെയ്തിരുന്നില്ല. എഴുതുവാൻ സെക്രട്ടറിമാരോ ഓഫീസോ, മറ്റു ശിഷ്യഗണമോ ഉണ്ടായിരുന്നില്ല, അദ്ദേഹത്തെ ഏല്പിക്കുന്ന ജോലികളിലൂടെയാണ് അദ്ദേഹം അത് നിറവേറ്റിയിരുന്നത്. അദ്ദേഹം ഗാംഭീര്യം നടിച്ച് മറ്റുള്ളവരെ ശ്രവിക്കാതെയിരുന്നില്ല. വല്ലവരും പ്രസംഗിക്കുന്നിടത്ത് കൊച്ചു കുഞ്ഞിനെ പോലെ ബ. കനീസിയൂസ് അച്ചൻ ശ്രവിച്ചിരിക്കുമായിരുന്നു.

## സർവ്വോപരി ആരാധനയിൽ ലയിച്ചിരുന്നവൻ

സമയം കിട്ടിയപ്പോഴെല്ലാം പരി.കുർബാനയുടെ മുമ്പിൽ, ഓസ്തിയിലേക്കു നോക്കി ആരാധനയിൽ ലയിച്ചിരുന്നു. അതായിരുന്നു അവസാനകാലത്തെ കർത്തവ്യമെന്ന് പുണ്യപുരുഷൻ പറയുമായിരുന്നു. തന്നിലുള്ള പുണ്യപരിമളം ആരും ദർശിക്കാതെ എളിമയോടെയാണ് കാണപ്പെടാറ്. ആരെങ്കിലും ഒന്നുകണ്ടാൽ അദ്ദേഹം ഒരു പുണ്യവാനാണെന്ന് മനസ്സിലാകുമായിരുന്നു. •


## ദൈവദാസനായ കനീസിയൂസച്ചന്റെ ജീവിതത്തിലെ സുപ്രധാന നാഴികക്കല്ലുകൾ

| | |
|---|---|
| 1914 മെയ് 12 | : ജനനം; ആനന്ദപുരം |
| 1914 ജൂൺ 6 | : മാമ്മോദീസ; പറപ്പൂക്കര |
| 1927 – 1928 | : നാലര ക്ലാസ്; എൽത്തുരുത്ത് |
| 1931 – 1934 | : യോഗാർത്ഥി, ഹൈസ്ക്കൂൾ; പാവറട്ടി |
| 1935 നവം. 24 | : ആദ്യവ്രതം |
| 1936 – 1942 | : സെമിനാരി പഠനം; മംഗലാപുരം |
| 1942 ഡിസം. 21 | : പൗരോഹിത്യ സ്വീകരണം; മംഗലാപുരം |
| 1944 – 1945 | : ഡി.ഡി.പഠനം; കാൻഡി |
| 1948 – 1952 | : ഡി.എസ്.എസ്., ഗവേഷണപഠനം; റോം |
| 1957 – 1959 | : സെമിനാരി പ്രഫസർ; ബാംഗ്ലൂർ |
| 1960 – 1966 | : റെക്ടർ, ബാംഗ്ലൂർ |
| 1966 – 1972 | : പ്രിയോർ ജനറാൾ, എറണാകുളം |
| 1972 – 1975 | : പ്രൊവിൻഷ്യാൾ; തൃശൂർ |
| 1975 – 1978 | : സുപ്പീരിയർ, ആത്മീയഗുരു; ബാംഗ്ലൂർ |
| 1978 – 1981 | : വികാർ ജനറാൾ; എറണാകുളം |
| 1981 – 1996 | : ആത്മീയഗുരു; പരിയാരം |
| 1996 – 1998 | : ആശ്രമാംഗം; അമ്പഴക്കാട് |
| 1998 ജനു. 29 | : മരണം; അമ്പഴക്കാട് |
| 2014 മാർച്ച് 29 | : ദൈവദാസ പദവി |

## എല്ലാ വ്യാഴാഴ്ചകളിലും ദൈവദാസനായ കനീസിയൂസ് CMI യുടെ കബറിട ദേവാലയത്തിൽ നടത്തുന്ന പ്രാർത്ഥനകൾ

| | |
|---|---|
| 06.00 am | : ദിവ്യബലി, കബറിടത്തിൽ ഒപ്പീസ് |
| 02.30 pm | : ത്രിമുഖ ജപമാല ജനങ്ങളോടൊപ്പം |
| 05.00 pm | : സിസ്റ്റേഴ്സിന്റെ പ്രാർത്ഥന |
| 07.00 pm | : നവസന്യാസികളുടെയും വൈദികരുടെയും പ്രാർത്ഥന |

Route Map to ST. TERESA'S MONASTERY






ദൈവദാസനായ കനീസിയൂസച്ചൻ അന്ത്യവിശ്രമം കൊള്ളുന്ന കോട്ടക്കൽ ആശ്രമദേവാലയം

The Vice Postulator, Servant of God Fr. Canisius' Cause
ST. TERESA'S MONASTERY, KOTTACKAL
Mala P.O., Kotttamuri, Thrissur - 680 732
Tel: 0480 - 2890225, 2891080, Mob: 9539444156 e-mail : dpanakkal@yahoo.com

mmb, 0487 - 2973213